"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് — ഉയർന്ന മാർക്ക് വാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രത്യേക പ്രോത്സാഹന സമ്മാനപദ്ധതി — G.O.(Rt) No.975/2025/SCSTDD തീയതി 19.12.2025-ൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.472/2026/SCSTD തീയതി,തിരുവനന്തപുരം, 21-07-2026

---

പരാമർശം:-
1. G.O.(Rt) No.975/2025/SCSTDD dated 19.12.2025.
2. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേരള ദളിത് പാന്തേഴ്സ് സംസ്ഥാന പ്രസിഡണ്ട് ശ്രീ. ബി. കെ. ബിനു സമർപ്പിച്ച ഹർജി.
3. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 10/02/2026 ലെ SCDD/6251/2025-B3 (EDN B) നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം, ഉയർന്ന മാർക്ക് വാങ്ങി പാസാകുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനപദ്ധതി പ്രകാരം ഇൻസെന്റീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു .

ബിരുദതലം മുതൽക്കുള്ള കോഴ്സുകളിൽ വിവിധ വിഷയങ്ങളിൽ നേടിയ ഗ്രേഡുകൾ അടിസ്ഥാനമാക്കിയുള്ള നിലവിലെ വ്യവസ്ഥ കാരണം, ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ First Class/Distinction നേടിയിട്ടുള്ള ചില വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനത്തിന് അർഹത ലഭിക്കാതെ വരുന്ന സാഹചര്യം സംബന്ധിച്ച് പരാതികൾ ലഭിക്കുകയും, അതിന്മേൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് പരാമർശം (3) പ്രകാരം സമർപ്പിക്കുകയുമുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഗവ .ഉത്തരവിൽ ബിരുദതലം മുതൽക്കുള്ള കോഴ്സുകൾക്ക് താഴെ പറയുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

1. 'വിവിധ വിഷയങ്ങളിൽ A+ അല്ലെങ്കിൽ A ഗ്രേഡ് ലഭിക്കുന്നവർക്ക് മാത്രം' എന്ന നിബന്ധന ഒഴിവാക്കി, **<u>ബിരുദതലം മുതൽക്കുള്ള കോഴ്സുകൾക്ക് ആകെ സ്കോർ 80 ശതമാനമോ അതിൽ കൂടുതലോ ആണെങ്കിൽ</u>** പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം അനുവദിക്കാവുന്നതാണ്.

2. , "വിവിധ വിഷയങ്ങളിൽ B ഗ്രേഡ് വരെ മാത്രം ലഭിക്കുന്നവർക്ക് മാത്രം" എന്ന നിബന്ധന

ഒഴിവാക്കി, **<u>ബിരുദതലം മുതൽക്കുള്ള കോഴ്സുകൾക്ക് ആകെ സ്കോർ 60% മുതൽ 80%-ത്തിന് താഴെയാണെങ്കിൽ</u>** പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം അനുവദിക്കാവുന്നതാണ്.

3. മേൽ ഭേദഗതികളോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Digitally signed by
Nazeer S
Date: 22-07-2026
10:14:00
സെക്ഷൻ ഓഫീസർ

പകർപ്പ്:
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ.